(സി) ടൂറിസം ഡിപ്പാർട്ടുമെന്റ് ഈ പദ്ധതിക്കുവേണ്ടി എത്ര രൂപ സാമ്പത്തിക സഹായം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) പൈതൽ മലയുടെ വികസനം സംബന്ധിച്ച് നിയമസഭാ പ്രൈവറ്റ് മെമ്പേഴ്സ് റസല്യൂഷൻ കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ?

ഉത്തരം

(എ) 1995 ൽ തയ്യാറാക്കിയ ഒരു പദ്ധതി ടൂറിസം വകുപ്പിൽ ലഭിച്ചിട്ടുണ്ട്.

(ബി)&(സി) റോഡ് വികസനം, നടപ്പാത നിർമ്മാണം, ഡോർമിറ്ററി, ടോയ്ലെറ്റ്, റെസ്റ്റോറന്റ്, ജലവിതരണം, വാച്ച്ടവർ, പ്ലാറ്റ് ഫോറം നിർമ്മാണം എന്നീ പദ്ധതികൾക്ക് 21.89 ലക്ഷം രൂപ മതിപ്പ് ചെലവുള്ള ഈ പദ്ധതി 1995ൽ തയ്യാറാക്കിയിട്ടുള്ളതാണ്. ഈ പദ്ധതി നിർവഹണത്തിനുവേണ്ട സ്ഥലം ലഭ്യമാണോ എന്നും ഒന്നാം ഘട്ടത്തിൽ ഏതൊക്കെ വികസന പരിപാടികളാണ് അത്യാവശ്യമെന്നും കാണിച്ച് ഒരു പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കാൻ കണ്ണൂർ ഡി.ടി.പി.സി.യോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

126 (2312) കണ്ണൂർ ടൂറിസം വികസന പദ്ധതി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ടൂറിസം വികസനപദ്ധതിക്ക് അലോട്ട് ചെയ്ത സംഖ്യ എത്രയാണ്;

(ബി) ഇതിൽ എത്ര തുക ഇതിനകം ചെലവായി;

(സി) പദ്ധതി പ്രവർത്തനം ത്വരിതഗതിയിലാക്കാൻ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1998-99 ൽ 110 ലക്ഷം രൂപയും 1999-2000 ൽ 100 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതുവരെയായി 81.34 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള കമ്മിറ്റി മാസംതോറും കൂടി പ്രവർത്തനം വിലയിരുത്തുന്നുമുണ്ട്.

127 (2313) കാര്യംകോട് പുഴയിലെ ഓണാഘോഷ പരിപാടികൾ

ശ്രീ. എം. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഓണക്കാലത്ത് ജലോത്സവവും വള്ളംകളിയും നടക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാര്യംകോട് പുഴയിൽ നടക്കുന്ന ഓണാഘോഷപരിപാടികൾക്ക് ടൂറിസം വകുപ്പിൽ നിന്ന് എന്തെങ്കിലും സഹായം നൽകാറുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly